ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 11.07.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ പതിനാറാമത് റോസ് ഗാർ മേളയിൽ 51,000 ത്തിലധികം യുവജനങ്ങൾക്ക് നിയമന കത്ത് നൽകും. കേരളത്തിൽ പാലക്കാട് നടക്കുന്ന പരിപാടിയിൽ കേന്ദ്ര സഹമന്ത്രി സുരേഷ്ഗോപി പങ്കെടുക്കും.

   **Prime Minister Narendra Modi to hand over appointment letters to over 51,000 youth at the 16th Rose Garh Mela tomorrow. Union Minister of State Suresh Gopi will attend the event in Palakkad, Kerala.**

2. രണ്ടു ദിവസത്തെ കേരള സന്ദർശനത്തിനായി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് തിരുവനന്തപുരത്ത് എത്തും.

   **Union Home Minister Amit Shah to arrive in Thiruvananthapuram today for a two-day visit to Kerala.**

3. രാഷ്ട്രത്തിന്റെ ബഹുമുഖ ആവശ്യങ്ങൾ നിറവേറ്റാൻ വിദ്യാർത്ഥികൾ സമർപ്പണത്തോടെ പ്രവർത്തിക്കണമെന്ന് ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ.

   **National Security Advisor Ajit Doval has urged students to work with dedication to meet the multifaceted needs of the nation.**

4. ശാസ്ത്രീയ ഇടപെടലിലൂടെ കാർഷിക രംഗ ത്ത് രാജ്യം ലക്ഷ്യസ്ഥാനത്തേക്ക് മുന്നേറുകയാണെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ.

**Governor Rajendra Vishwanath Arlekar says the country is moving towards its destination in the field of agriculture through scientific intervention.**

5. ഇന്ത്യയ്ക്കെതിരായ മൂന്നാം ക്രിക്കറ്റ് ടെസ്റ്റിന്റെ ഒന്നാം ഇന്നിംഗ്സിൽ ഇംഗ്ലണ്ട് 387 റൺസിന് പുറത്ത്.

**England were bowled out for 387 in the first innings of the third cricket Test against India.**

*********************************************

## PM – ROZGAR MELA

റോസ്ഗർ മേളയുടെ ഭാഗമായി വിവിധ സർക്കാർ വകുപ്പുകളിലായി പുതുതായി നിയമിതരായ 51,000 ത്തിലധികം യുവാക്കൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ വീഡിയോ കോൺഫറൻസിംഗിലൂടെ നിയമന ഉത്തരവ് വിതരണം ചെയ്യും. നിയമിതരായവരെ അദ്ദേഹം അഭിസംബോധന ചെയ്യും. രാജ്യത്തുടനീളമുള്ള 47 സ്ഥലങ്ങളിലായി പതിനാറാമത് റോസ്ഗർ മേള നടക്കും. കേന്ദ്ര സർക്കാർ മന്ത്രാലയങ്ങളിലും വകുപ്പുകളിലുമാണ് നിയമനങ്ങൾ നടക്കുന്നത്. രാജ്യത്തുടനീളമുള്ള റോസ്ഗർ മേളകൾ വഴി ഇതുവരെ പത്ത് ലക്ഷത്തിലധികം റിക്രൂട്ട്മെന്റ് കത്തുകൾ വിതരണം ചെയ്തിട്ടുണ്ട്.

*********************************************

## PALAKKAD – ROSGAR MELA

റോസ്ഗർ മേളയുടെ ഭാഗമായി നാളെ രാവിലെ പാലക്കാട് നടക്കുന്ന പരിപാടിയിൽ കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി പങ്കെടുക്കും. വിവിധ

മന്ത്രാലയങ്ങളിലേക്ക് പുതുതായി നിയമിതരായവർക്ക് അദ്ദേഹം നിയമന കത്തുകൾ കൈമാറും.

*********************************************

## AMIT SHAH-KERALA

രണ്ടു ദിവസത്തെ കേരള സന്ദർശനത്തിനായി കേന്ദ്ര ആഭ്യന്തര മന്ത്രിയും ബിജെപി നേതാവുമായ അമിത് ഷാ ഇന്ന് തിരുവനന്തപുരത്ത് എത്തും. നാളെ രാവിലെ തിരുവനന്തപുരത്ത് ബിജെപി സംസ്ഥാന കമ്മറ്റി ഓഫീസിൻറെ ഉദ്ഘാടനം അദ്ദേഹം നിർവ്വഹിക്കും. തുടർന്ന് പുത്തരിക്കണ്ടം മൈതാനത്ത് നടക്കുന്ന ബിജെപി വാർഡുതല നേതൃസംഗമം ഉദ്ഘാടനം ചെയ്യും. ബിജെപി സംസ്ഥാന നേതൃയോഗത്തിലും അമിത് ഷാ പങ്കെടുക്കും. വൈകിട്ട് കണ്ണൂരിലേക്ക് തിരിക്കുന്ന ആഭ്യന്തരമന്ത്രി തളിപ്പറമ്പ് രാജരാജേശ്വര ക്ഷേത്രത്തിൽ ദർശനം നടത്തി ഡൽഹിക്ക് മടങ്ങും.

*********************************************

## IIT MADRAS -AJIT DOVAL(INTRO)

അപൂർവ ധാതുക്കൾ, നിർമിത ബുദ്ധി, ക്വാണ്ടം കമ്പ്യൂട്ടിംഗ് എന്നിവയുൾപ്പെടെയുള്ള വിഭവങ്ങൾ ഉപയോഗിച്ച് നൂതന സാങ്കേതിക വിദ്യകൾ കണ്ടെത്തി 2047 ഓടെ രാജ്യത്തെ വികസിത രാജ്യമാക്കി മാറ്റാൻ വിദ്യാർത്ഥിക ളോടും യുവാക്കളോടും ആഹ്വാനം ചെയ്ത് ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ. ഐ.ഐ.ടി മദ്രാസിന്റെ 62-ാമത് ബിരുദദാന സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. വിദ്യാഭ്യാസം, കർമശേഷി, സാങ്കേതികവിദ്യ എന്നിവയിൽ നൈപുണ്യമുള്ള ഇന്ത്യൻ യുവതയ്ക്ക് രാജ്യത്തിന്റെ വളർച്ചയിൽ അടുത്ത 22 വർഷത്തിനുള്ളിൽ നിർണായക സംഭാവന നൽകാൻ കഴിയുമെന്ന് അദ്ദേഹം എടുത്തുപറഞ്ഞു.

(വോയിസ്...)

തദ്ദേശീയ സാങ്കേതികവിദ്യ ഉപയോഗിച്ചാണ് ഇന്ത്യ ഓപ്പറേഷൻ സിന്ദൂറിൽ വിജയിച്ചതെന്നും അതിലൂടെ 28 മിനിറ്റിനുള്ളിൽ പാകിസ്ഥാനിലെ പത്തോളം ഭീകരകേന്ദ്രങ്ങൾ തകർത്തുവെന്നും ദേശീയ സുരക്ഷാ ഉപദേഷ്ടാവ് പറഞ്ഞു. ഓപ്പറേഷൻ സിന്ദൂറിന്റെ ഭാഗമായി ഇന്ത്യൻ സൈന്യം, ബ്രഹ്മോസ്, സംയോജിത air command systems, റഡാറുകൾ തുടങ്ങിയ അത്യാധുനിക തദ്ദേശീയ സാങ്കേതിക വിദ്യകൾ ഉപയോഗിച്ചതായി അദ്ദേഹം വ്യക്തമാക്കി.

*************************************

## SURESH GOPI

കേന്ദ്ര പെട്രോളിയം, പ്രകൃതി വാതക മന്ത്രാലയത്തിന് കീഴിലുള്ള, ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം ഓൾ സെയിന്റ്സ് കോളേജിൽ സംഘടിപ്പിച്ച ശുചിത്വ വാരാചരണം കേന്ദ്ര സഹമന്ത്രി സുരേഷ്ഗോപി ഉദ്ഘാടനം ചെയ്തു. പൊതുസ്ഥലങ്ങൾ വൃത്തിയായി സൂക്ഷിക്കേണ്ടതും പരിസ്ഥിതിയുടെ സംരക്ഷണവും നമ്മുടെ ഉത്തരവാദിത്തമായി കാണണമെന്ന് കേന്ദ്ര സഹമന്ത്രി പറഞ്ഞു. ശുചിത്വത്തിൽ മികച്ച മാതൃകയായിരിക്കുകയാണ് നമ്മുടെ ഗ്രാമങ്ങൾ എന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കോളേജ് പരിസരത്ത് അദ്ദേഹം വൃക്ഷത്തൈ നട്ടു.

*************************************

## JPC – ONE NATION ONE ELECTION

ഒരു രാഷ്ട്രം ഒരു തെരഞ്ഞെടുപ്പ് വിഷയത്തിൽ സംയുക്ത പാർലമെന്ററി കമ്മിറ്റി ന്യൂഡൽഹിയിലെ പാർലമെന്റ് ഹൗസിൽ യോഗം ചേർന്നു. ലോക്സഭയിലേക്കും സംസ്ഥാന നിയമസഭകളിലേക്കും ഒരേസമയം തിരഞ്ഞെടുപ്പ് സാധ്യമാക്കുന്ന

2024 ലെ ഭരണഘടന ഭേദഗതി ബില്ലുകൾ പരിശോധിക്കുന്നതിന്റെ ഭാഗമായിരുന്നു യോഗം. യോഗത്തിൽ, മുൻ ഇന്ത്യൻ ചീഫ് ജസ്റ്റിസ് ജഗദീഷ് സിംഗ് ഖെഹാറും ജസ്റ്റിസ് ഡി വൈ ചന്ദ്രചൂഡും രാജ്യത്ത് ഒരേസമയം തിരഞ്ഞെടുപ്പ് എന്ന വിഷയത്തിൽ അവതരണം നടത്തി. ബിജെപി എം.പി അനുരാഗ് താക്കൂർ, കോൺഗ്രസ് എംപി പ്രിയങ്ക ഗാന്ധി, സമാജ്‌വാദി പാർട്ടി എം.പി ധർമേന്ദ്ര യാദവ് തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

***********************************

## SHIVARAJ COTTON CULTIVATION

പരുത്തി കൃഷിയിലെ പ്രശ്നങ്ങൾ, സസ്യങ്ങളെ ബാധിക്കുന്ന രോഗങ്ങൾ, നെയ്ത്തുകാരുടെയും കാർഷിക വ്യവസായത്തിന്റെയും പ്രശ്നങ്ങൾ എന്നിവ പരിഹരിക്കാൻ സർക്കാർ മാർഗം കണ്ടെത്തുമെന്ന് കേന്ദ്ര കൃഷിമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ. കോയമ്പത്തൂരിലെ ICAR ഗവേഷണ കേന്ദ്രം സന്ദർശിച്ച ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. കൃഷിയുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളിലും സർക്കാർ ശ്രദ്ധാലുവാണെന്നും അദ്ദേഹം അറിയിച്ചു.

***********************************

## RARE EARTH MAGNET

രാജ്യത്ത് റെയർ എർത്ത് കാന്തങ്ങളുടെ ഉത്പാദനം പ്രോത്സാഹിപ്പിക്കുന്നതിനായി 1,345 കോടി രൂപയുടെ സബ്സിഡി പദ്ധതിയുമായി കേന്ദ്ര സർക്കാർ. ഇതുസംബന്ധിച്ച് അന്തർ-മന്ത്രാലയതല കൂടിയാലോചനകൾ നടന്നുവരികയാണെന്ന് ഘന വ്യവസായ മന്ത്രാലയ സെക്രട്ടറി കമ്രാൻ റിസ്‌വി പറഞ്ഞു. അപൂർവ എർത്ത് ഓക്സൈഡുകളെ കാന്തങ്ങളാക്കി മാറ്റുന്നതിന് പദ്ധതി പൂർണ പിന്തുണ നൽകുമെന്ന് അദ്ദേഹം വ്യക്തമാക്കി. റെയർ എർത്ത് കാന്തങ്ങളുടെ കയറ്റുമതിയിൽ ചൈന നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയത് ആഗോള വിതരണ ശൃംഖലയെയും ഇലക്ട്രിക്

വാഹന നിർമ്മാതാക്കളെയും ബാധിച്ച പശ്ചാത്തലത്തിലാണ് പുതിയ പദ്ധതി.

*********************************

## TEST CRICKET

ഇന്ത്യയ്ക്കെതിരായ മൂന്നാം ക്രിക്കറ്റ് ടെസ്റ്റിന്റെ ഒന്നാം ഇന്നിംഗ്സിൽ ഇംഗ്ലണ്ട് 387 റൺസിന് പുറത്ത്. സെഞ്ച്വറി നേടിയ ജോ റൂട്ടിന്റെയും അർദ്ധ സെഞ്ച്വറി നേടിയ ജാമിസ് സ്മിത്ത്, ബ്രൈഡൻ കാർസ് എന്നിവരുടെയും ഇന്നിംഗ്സുകളാണ് ഇംഗ്ലണ്ടിനെ മികച്ച

സ്കോറിലെത്തിച്ചത്. അഞ്ച് മത്സരങ്ങളുള്ള ടെസ്റ്റ് പരമ്പരയിൽ ഇരു ടീമുകളും 1-1 ന് സമനിലയിലാണ്.

*********************************

## EAS FOREIGN MINISTERS MEETING

മലേഷ്യൻ തലസ്ഥാനമായ ക്വാലാലംപൂരിൽ 15-ാമത് കിഴക്കൻ ഏഷ്യ ഉച്ചകോടിയുടെ ഭാഗമായി നടന്ന വിദേശകാര്യ മന്ത്രിമാരുടെ യോഗം രാജ്യങ്ങൾ തമ്മിലുള്ള സഹകരണം അവലോകനം ചെയ്യുകയും അതിന്റെ ഭാവി ചർച്ച ചെയ്യുകയും ചെയ്തു. പ്രാദേശിക, അന്തർദേശീയ സംഭവവികാസങ്ങളെക്കുറിച്ചുള്ള കാഴ്ചപ്പാടുകളും നേതാക്കൾ പങ്കുവെച്ചു. 58-ാമത് ആസിയാൻ വിദേശകാര്യ മന്ത്രിമാരുടെ യോഗത്തിന്റെയും അനുബന്ധ പരിപാടികളുടെയും ഭാഗമായി നടന്ന വിവിധ ഉന്നതതല യോഗങ്ങളിൽ പങ്കെടുക്കാൻ വിദേശകാര്യ സഹമന്ത്രി പാബിത്ര മാർഗരിറ്റയും ക്വാലാലംപൂരിൽ എത്തിയിട്ടുണ്ട്.

*********************************

## GOVERNOR (INTRO)

ശാസ്ത്രീയ ഇടപെടലിലൂടെ കാർഷിക രംഗത്ത് രാജ്യം ലക്ഷ്യസ്ഥാനത്തേക്ക് മുന്നേറുകയാണെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ. തിരുവനന്തപുരത്തെ ശ്രീകാര്യത്ത് കേന്ദ്ര കിഴങ്ങുവർഗ വിള ഗവേഷണ കേന്ദ്രത്തിന്റെ 62-ാം സ്ഥാപക ദിനാഘോഷം ഗവർണർ ഉദ്ഘാടനം ചെയ്തു. കാർഷിക മേഖലയുമായി ബന്ധപ്പെട്ട് ലബോറട്ടറികളിൽ നടക്കുന്ന എല്ലാ ശാസ്ത്രീയ പരീക്ഷണങ്ങളും ആത്യന്തികമായി രാജ്യത്തെ ജനങ്ങൾക്കും കർഷകർക്കും ഗുണപ്പെടണമെന്ന് അദ്ദേഹം പറഞ്ഞു.

(ഹോൾഡ് - വോയിസ്)

*************************************

## NHAI-FASTAGS

സുഗമമായ ടോൾ പിരിവ് ഉറപ്പാക്കുന്നതിനായി ലൂസ് ഫാസ്റ്റ് ടാഗുകൾ റിപ്പോർട്ട് ചെയ്യുന്നതിനും ബ്ലാക്ക്‌ലിസ്റ്റ് ചെയ്യുന്നതിനുമുള്ള പ്രക്രിയ ശക്തിപ്പെടുത്തി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ. Tag-in-hand എന്നറിയപ്പെടുന്ന ലൂസ് ഫാസ്റ്റ് ടാഗുകൾ ഇലക്ട്രോണിക് ടോൾ പിരിവിന്റെ കാര്യക്ഷമതയ്ക്ക് വെല്ലുവിളി ഉയർത്തുന്നുവെന്ന് റോഡ് ഗതാഗത, ഹൈവേ മന്ത്രാലയം പ്രസ്താവനയിൽ പറഞ്ഞു. വാഹനങ്ങളിൽ പതിക്കാതെ കൈയിൽ കരുതുന്ന അത്തരം ഫാസ്റ്റ് ടാഗുകൾ ഉടൻ റിപ്പോർട്ട് ചെയ്യാൻ ടോൾ പിരിവ് ഏജൻസികൾക്കു ഉൾപ്പെടെ നിർദ്ദേശം നൽകിയിട്ടുണ്ട്.

*************************************

## ICG-RESCUE OPERATION

ആൻഡമാൻ & നിക്കോബാർ ദ്വീപുകളിലെ ഇന്ദിരാ പോയിന്റിൽ നിന്ന് ഏകദേശം 52 നോട്ടിക്കൽ മൈൽ തെക്കു-കിഴക്ക് കുടുങ്ങിയ യു.എസ് കപ്പൽ സീ ഏഞ്ചലിന് ഇന്ത്യൻ തീരാ സംരക്ഷണ സേന രക്ഷകരായി. രണ്ട് ജീവനക്കാരുമായി സഞ്ചരിച്ചിരുന്ന കപ്പലിൽ പ്രൊപ്പല്ലർ കുടുങ്ങിയതും കപ്പൽ പായ് കേടായതും പ്രവർത്തനം നിലയ്ക്കാൻ കാരണമായി. കപ്പലിനെയും ജീവനക്കാരെയും കാംബെൽ ബേ ഹാർബറിലേക്ക് കൊണ്ടുപോയി.

*********************************

## GUJARAT-BRIDGE TRAGEDY

ഗുജറാത്തിലെ വഡോദരയിൽ മുജ്പൂർ - ഗംഭീര പാലം തകർന്നുണ്ടായ അപകടത്തെക്കുറിച്ച് സർക്കാർ ഉന്നതതല അന്വേഷണം നടത്തുകയാണെന്ന് സംസ്ഥാന ആരോഗ്യമന്ത്രി ഋഷികേശ് പട്ടേൽ. പാലത്തിലെ കൂട്ടിയോജിപ്പിക്കൽ നടന്ന സ്ഥലങ്ങളിലെ ഇടിവ് ആണ് തകർച്ചയ്ക്ക് കാരണമായതെന്ന് അന്വേഷണ സമിതിയുടെ പ്രാഥമിക റിപ്പോർട്ടിൽ പറയുന്നതായി സ്ഥലം സന്ദർശിച്ചശേഷം മന്ത്രി പറഞ്ഞു. 30 ദിവസത്തിനുള്ളിൽ സമിതി വിശദമായ റിപ്പോർട്ട് സമർപ്പിക്കുമെന്നും അദ്ദേഹം അറിയിച്ചു.

*********************************

## JK-SIA SEARCH OPERATION

ജമ്മു കശ്മീരിലെ, ജമ്മു, ദോഡ, ഹന്ദ്വാര എന്നിവിടങ്ങളിൽ സംസ്ഥാന അന്വേഷണ ഏജൻസി നടത്തിയ തെരച്ചിലിൽ ക്രിപ്റ്റോ കറൻസി മാർഗ്ഗം ഉൾപ്പെടെ അതിർത്തി കടന്ന് പണമിടപാടു നടത്തുന്ന ശൃംഖലകൾ കണ്ടെത്തി. യുവാക്കളെ രാജ്യത്തിനെതിരെ പ്രവർത്തിക്കാൻ പ്രേരിപ്പിക്കുന്ന ശക്തികളെ കണ്ടെത്താൻ ലക്ഷ്യമിട്ടാണ് ഓപ്പറേഷൻ നടത്തിയത്. ഇലക്ട്രോണിക്

ഉപകരണങ്ങൾ ഉൾപ്പെടെയുള്ള സുപ്രധാന തെളിവുകളും തെരച്ചിലിൽ ലഭ്യമായി.

***********************************

## TENDER INVITED

കേന്ദ്ര വാർത്താ വിതരണപ്രക്ഷേപണ മന്ത്രാലയത്തിന് കീഴിലുള്ള സെൻട്രൽ ബ്യൂറോ ഓഫ് കമ്മ്യൂണിക്കേഷൻ, കേരള- ലക്ഷദ്വീപ് മേഖലയിൽ സർക്കാരിന്റെ വിവിധ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനായി ഏജൻസികളിൽ നിന്ന് ടെൻഡർ ക്ഷണിച്ചു. അവസാന തീയതി ഈമാസം 28 ഉച്ചയ്ക്ക് ഒരു മണി വരെ. കൂടുതൽ വിവരങ്ങൾക്ക് www.cbcindia.gov.in ൽ ലഭ്യമാകും.

*************************************************************************************